**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**15 FEBRUARY 2019**
09 JAMADI'UL AAKHIR 1440 AH

# THE YOUTH OF THE UMMAH IN PERIL
## *മാനവസമുദായത്തിലെ യുവജനങ്ങൾ അപകടത്തിൽ!*

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***മാനവസമുദായത്തിലെ യുവജനങ്ങൾ അപകടത്തിലാണ്*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

പടിഞ്ഞാറൻ രാഷ്ട്രങ്ങളിലെയും, അമേരിക്കൻ ജനതയുടെയും സ്വാധീനത്താൽ, ആധുനിക നൂറ്റാണ്ടിലെ സ്വതന്ത്രവും നിയമരഹിതവുമായ പ്രവർത്തനങ്ങൾ മൂലം, യുവജനതയിൽ ഇതിന്റെ ദൂഷ്യഫലങ്ങൾ, കാര്യമായ നിലയിൽ ബാധിച്ചിരിക്കുകയാണ്. ഈ അവിശ്വാസസമൂഹത്തിന്റെ കിറുക്കത്തരം മൂലമുണ്ടാകുന്ന മോശമായ പ്രവർത്തികൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ, സമുദായത്തിലെ യുവജനതയ്ക്ക് വളരെയധികം കേടുപാടുകൾ ഉണ്ടായിതീരുന്നതാണ്. ആഗോളവത്ക്കരണത്തിന്റെ ഫലമായി വളരെ വലിയ പ്രശ്നങ്ങളും ഉണ്ടാകുന്നതാണ്. ഉമ്മത്തിലെ യുവാക്കൾക്ക് അവരുടെ ജീവിതശൈലിയിൽ, അതിന്റെ സ്വാധീനവലയത്താൽ, പിടിച്ചുനില്ക്കുവാൻ കഴിയാതെ വരുന്നതാണ്. അവരുടെ പെരുമാറ്റ രീതിയും മാറുന്നതാണ്. ഇതൊരു പ്രശ്നം തന്നെയാണ്.

### യുവാക്കളുടെ ദൗത്യം/ The Youth's Mission

ഇപ്പോൾ, യുവജനതയാണ് ഭാവിയുടെ വാഗ്ദാനങ്ങൾ! എല്ലാ നിലയിലും, അതിന്, യാതൊരു ഒഴിവുകഴിവുമില്ല. ജനതകളായാലും, രാജ്യ

ങ്ങളായാലും, സംഘടനകളായാലും, സമുദായങ്ങളായാലും, കുടുംബ മായാലും, എല്ലാ കാര്യങ്ങളും ഇന്നത്തെ യുവാക്കളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്, അവരിലൂടെയാണ് തുടർച്ച ഉണ്ടാകേണ്ടത്. മുസ്ലിം യുവാക്കളിലും ഇതുതന്നെയാണ് ഉണ്ടാകേണ്ടത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സമുദായത്തെ മുന്നോട്ടു നയിക്കേണ്ടത് ഈ യുവാക്കൾ തന്നെ. ഈ യുവജനതയ്ക്ക് ഒരു ദൗത്യമുണ്ട്. മുതിർന്നവരിൽ നിന്നും അവർ അത് ഏറ്റെടുക്കേണ്ടതാണ്. യഥാർത്ഥമായ ഇസ്ലാം/ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം ശരിയായ നിലയിലുള്ള പ്രബോധനം തുട രേണ്ടതുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും വിദ്യഭ്യാസ കേന്ദ്രങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. എല്ലാത്തിനും ഉപരിയായി മറ്റു സമുദായ അംഗങ്ങളുമായി സാഹോദര്യത്തിൽ കഴിയേണ്ടതായിട്ടുണ്ട്. വിശുദ്ധ ഖുർആന്റെ വചനമനുസരിച്ചും, ഹദീസുകളുടെ അധ്യാപനമനുസരിച്ചും സുവ്യക്തമായ കാര്യമാണ്. ഒരുവന്റെ അയൽവാസിയെ ആദരിക്കുക എന്നത് ഈശ്വരഭക്തിയുടെ ലക്ഷണമാണ് എന്ന്.

ഈ ആദരവിലൂടെ, യുവാക്കളിലെ ഓരോരുത്തർക്കും, നാളത്തെ സ്തംഭങ്ങളായി മാറുവാൻ സാധിക്കുന്നതാണ്. സമുദായത്തിനായി ശക്ത മായ അടിത്തറ ഇടുവാൻ അവർക്ക് കഴിയുന്നതാണ്. അങ്ങനെ അവർക്ക് സമാധാനത്തിലും, ശാന്തിയിലും,സ്വസ്തതയിലും സൗഹൃദത്തിലും ജീവിക്കുവാൻ സാധിക്കുന്നതാണ്. ആഗോളവത്ക്കരണത്തിന്റെ ഉയർത്തെഴുന്നേല്പിലൂടെ, ലോകത്തിന്റെ എല്ലാഭാഗങ്ങളിലും അതിന്റെ അലയൊലികൾ എത്തിയിട്ടുണ്ട്. യുവാക്കൾ വളരെ പ്രയാസകരമായ ഒരു കാലഘട്ടത്തിലൂടെയാണ്, പൊയ്ക്കൊണ്ടിരിക്കുന്നത്.

## യുവജനങ്ങളുടെ അമ്പരപ്പ് / The Youth's Embarrassment

സമുദായത്തിലെ യുവാക്കളെ യഥാർത്ഥത്തിൽ ഈ സാഹചര്യം പരുങ്ങലിൽ എത്തിച്ചിരിക്കുകയാണ്. കാരണം രണ്ട് അഗ്നികൾക്കിട യിൽ അവർ അകപ്പെട്ട പ്രതീതിയിലാണ്.

1. ഇസ്ലാമിന്റെ തത്വം അതായത് ഹറാമും (അനുവദനീയമല്ലാത്തത്) ഹലാലും (അനുവദനീയമായത്) അവിടെ വേർതിരിക്കപ്പെട്ടരിക്കുന്നു.

2. ഈ താത്ക്കാലിക ലോകത്തിൽ അവിശ്വാസികളുടെ എല്ലാ കാര്യത്തിലും പരിധിയില്ലാത്ത സ്വതന്ത്ര്യം.

മുസ്ലിം യുവാക്കൾ അമ്പരപ്പിലാണ്. യാഥാർത്ഥ്യം അങ്ങനെതന്നെയാണ്. എന്നാൽ പ്രസ്തുത സന്ദർഭത്തിൽ നാം ഈയൊരു ചോദ്യം ചോദിക്കണം. എവിടെയാണ് ഈ മുസ്ലിംയുവാക്കൾക്ക് പാരവസ്യം അനുഭവപ്പെടുന്നത്? ഒരു നിസ്സാര ഉദാഹരണം നോക്കൂ! വർഷാവസാനങ്ങളിലെ ആഘോഷവേളയിലെ, വിനോദപ്രവർത്തി സ്വകാര്യമേഖലയിൽ സംഘടിപ്പിക്കുന്ന ആഘോഷപരിപാടികൾ! പൊതുമേഖലകളിൽ സംഘടിപ്പിക്കുന്ന വിനോദങ്ങൾ! ഓരോരുത്തരും അവിടെ ചെന്ന് സാന്നിദ്ധ്യം അറിയിക്കാൻ ഒരവസരം നോക്കുന്നു. അംഗീകൃത സാമൂഹിക പെരുമാറ്റരീതിയനുസരിച്ച് അവരെ അതിന് വശംവദരരാക്കുന്നു, കടമപ്പെട്ടവരാക്കുന്നു. സമുദായത്തിലെ യുവാക്കൾ, അവരുടെ ഈമാനിൽ ദാർഢ്യത ഉള്ളവരല്ലെങ്കിൽ, സൂഹൃത്തുകളുടെ സ്വാധീനവലയിലത്തികപ്പെട്ട് അല്പം മദ്യം സേവിക്കുവാൻ നിർബന്ധിതരായി തീരുന്നു. അല്പം നൃത്തചുവടുവെയ്ക്കുവാനും പ്രേരിതരായി തീരുന്നു. ഇതിൽ പങ്കുചേരുന്നതിലൂടെ നിയമവിധേയമല്ലാത്ത പരിപാടികളിൽ മൊത്തത്തിൽ പങ്കെടുക്കേണ്ടി വരുന്നു. ഞെട്ടലുളവാക്കുന്ന മറ്റൊരു കാര്യം, അതായത്, സമുദായത്തിലെ യുവാക്കളുടെ വിശ്വാസത്തെ അപകടത്തിലാക്കുന്നു എന്നതാണ്. സമുദായ യുവജനങ്ങളുടെ അമ്പരപ്പ് ഈ കാര്യത്തിലാണ്. അവർ അഭിമൂഖകരിക്കേണ്ടി വരുന്ന പരുങ്ങൽ ഈ കാര്യത്തിലാണ്. ഒന്നുകിൽ അവർ ഇസ്ലാമിന്റെ ആശയങ്ങൾ പിൻതുടരേണ്ടതാണ്. അല്ലെങ്കിൽ അവർ, അമുസ്ലിം ബന്ധത്തിനായി അവരെ ക്ഷണിക്കുമ്പോൾ, ആ കെണിയിൽ, ഹറാമായ

പ്രവർത്തനങ്ങളിൽ പതിച്ചുപോകുന്നതാണ്. നിഷിധ കാര്യങ്ങളിലുള്ള ഈ രുചി, അവർ നുകർന്നുകഴിഞ്ഞാലുടൻ, അവർ പ്രസ്തുത കെണിയിൽ വീണുകഴിഞ്ഞു. അവർക്കതിൽ നിന്നു പുറത്തുപോകാൻ കഴിയാത്ത അവസ്ഥയിലായി തീരുന്നതാണ്. അങ്ങനെ അവർ അവരുടെ മുസ്ലിം വിശ്വാസത്തിൽ ലജ്ജിതരായിതീരുന്നു. നാണക്കേടുള്ളവരായി തീരുന്നു. തുടർന്ന് അവർ അമുസ്ലിംകളെ പോലെ പെരുമാറുവാൻ തുടങ്ങുന്നു.

## മയക്കുമരുന്നുകളും മറ്റു ലഹരിപദാർത്ഥങ്ങളും നമ്മുടെ യുവജനതയെ കൊന്നുകൊണ്ടിരിക്കുന്നു / DRUGS AND OTHER INTOXICANTS ARE KILLING OUR YOUTH

ഞാൻ തുറന്നുപറയുകയാണ്, ഇവിടെ മൗറിഷ്യസിൽ, നമ്മുടെ ഈ കൊച്ചു ദ്വീപിൽ, ഇതിന്റെ വഴിയിലുള്ള എല്ലാത്തിനെയും, ഈ മയക്കുമരുന്നു, നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സമുദായങ്ങളിലും പെട്ട യുവാക്കൾ (വിശിഷ്യാ ചെറുപ്പക്കാരായ മുസ്ലിംകൾ) മയക്കുമരുന്നിനെതിരിൽ സൂക്ഷ്മ ബോധമുള്ളവരായിതീരേണ്ടതാണ്. മയക്കുമരുന്നുകളും, മദ്യവും, സിഗരറ്റും, ലോട്ടറികളും, ഭാഗ്യപരീക്ഷണ കളികളും നമ്മുടെ യുവജനതയെ തകർത്തെറിയുവാൻ അനുവദിക്കരുത്. നമ്മുടെ സമുദായത്തെ എങ്ങനെയാണ് ഇത്, നശിപ്പിക്കുന്നതെന്ന്, നാം തിരിച്ചറിയുക തന്നെവേണം. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. വിശ്വസിച്ചവരെ, നിശ്ചയമായും മദ്യവും, ചൂതാട്ടവും, പ്രതിഷ്ഠകളും, പ്രശ്നം വെയ്ക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽ പെട്ട നീചകാര്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയെ വർജ്ജിക്കുക. നിങ്ങൾ വിജയികളാകുന്നതിനുവേണ്ടി, തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും, അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നമസ്ക്കാരത്തിൽ നിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്. അതുകൊണ്ട് നിങ്ങൾ (ഇവയിൽ നിന്നെല്ലാം) വിരമിക്കുന്നവരാണോ? (അൽമാഇദ, 5:91-92)

ഇതൊരു ദുർവൃത്തികൂട്ടമാണ്. യുവാക്കളെ, കൊല്ലുന്നതിനായി നശിപ്പിക്കുന്നതിനായി അവർ കെണി ഒരുക്കുന്നു. ഒരല്പം മദ്യവും സിഗരറ്റുമായാണ് അവർ ഇതിന് തുടക്കമിടുന്നത്. മദ്യം അവർക്ക് ലഹരിപിടിച്ച ഒരവസ്ഥ പ്രദാനം ചെയ്യുന്നു. പ്രശ്നങ്ങൾ നിറഞ്ഞതായി തോന്നുന്ന ഈ ലോകത്തു നിന്നും വേർപെട്ട നിലയും, ഒരു ശൂന്യതയും സംജാതമാക്കി കൊടുക്കുന്നു. സിഗരറ്റ് അവർക്ക് ഒരു സ്വാതന്ത്ര്യ അനുഭൂതിയും പൗരഷവും പകരുന്നു. ദൗർഭാഗ്യവശാൽ ഈ ലഹരി മരുന്നുകൾക്കും, സിഗരറ്റിനും അടിമയാകുന്നത്, യുവാക്കളും പ്രായപൂർത്തി ആയവരും മാത്രമല്ല, പെൺകുട്ടികളും സ്ത്രീകളും കൂടി ആ കെണികളിൽ അകപ്പെട്ടിരിക്കുകയാണ്. അവരും, പുരുഷന്മാർക്ക് തുല്യരാണെന്ന് കരുതുന്നു. പുരുഷന്മാരെപോലെ പെരുമാറുന്നതിന് അവർ ഒരു മടിയും കാണിക്കുന്നില്ല. അവർ പിന്തുടരുന്നത് ഏറ്റവും മോശമായ തിന്മയാണെങ്കിൽ പോലും!

അങ്ങനെ, മെല്ലെ ഒരു സിഗരറ്റ് കഷണത്തിൽ നിന്നും ഒരു സിഗരറ്റിലേക്ക് മാറുന്നു. പിന്നീടതു സിഗരറ്റ് പാക്കറ്റിലേക്ക് വഴിമാറുന്നു. പിന്നീടത് കൂടികൂടി വരുന്നു. സിഗരറ്റിലൂടെ അവർക്ക് വേണ്ടിടത്തോളം സന്തോഷം ലഭ്യമാകാത്തതിനാൽ, യുവാക്കൾ മെല്ലെ സ്വമനസ്സാലെയോ, മററുള്ളവരുടെ പ്രേരണയാലോ (കൂട്ടുകാരുടെയും മറ്റു സംഘങ്ങളുടെയും കെണിയിലൂടെ) അവർ മദ്യപാനത്തിലേക്ക് തിരിയുന്നു. ഒരു ചെറുഗ്ലാസ്സിൽ നിന്നും മെല്ലെ ഒരു ബോട്ടിലിലേക്ക് മാറുന്നു. അങ്ങനെ ഒടുവിൽ മദ്യത്തിനടിമയായി മാറുന്നു. ഇതേ അവസ്ഥതന്നെയാണ് ലഹരിമരുന്നുകളുടെയും കാര്യം. ആദ്യം ഒരല്പം സന്തോഷം, അതിനായി ലഹരി മരുന്ന് രുചിച്ച് നോക്കുന്നു. അങ്ങനെ പ്രസ്തുത യുവാവും ഈ പറയപ്പെട്ട സംഘത്തിന്റെ കൂട്ടുകാരുടെ കെണിയിലമരുന്നു. അങ്ങനെ മയക്കുമരുന്നുകെണിയിൽ, ചതിയിൽ വീഴുകയല്ലാതെ മറ്റൊരു വഴിയില്ല.

## കൃത്രിമമായുണ്ടാക്കിയ മയക്കുമരുന്നുകൾ / Synthetic Drugs

സ്വയമേവയോ, വശംവദരരായോ മയക്കുമരുന്ന് ലേപനത്തിനാൽ, യുവാക്കൾ തകർന്നടിയുകയാണ്. കാരണം, ഇതിലൂടെ ഇവർ ലഹരി കഴിക്കുന്ന ദുശ്ശീലത്തിന് അടിമയായി തീരുകയും, ഭയാനകമായ അവസ്ഥയിലെത്തിച്ചേരുകയും ചെയ്യുന്നു. മയക്കുമരുന്നിന്റെ ഒരു ചെറിയ അളവ്, അതായത് കാനാബീസ്/ മറിജുവാന/ഗാൺഡിയ നാം കഴിച്ചാൽ, അത് പിന്നെ വലിയ അളവിലേക്ക്, നമ്മെ കൊണ്ടെത്തിക്കുന്നു. ഇത് ശീലമാക്കിയ ആൾക്ക് പിന്നീട് ഇത് പോരാതെ വരുമ്പോൾ, അവൻ ഇതിനെക്കാൾ ശക്തമായ ലഹരിമരുന്ന് വാങ്ങുവാൻ നിർബന്ധിതനായി തീരുന്നു. അതായത് ഹീറോയിൻ അതു മാത്രമല്ല ഇപ്പോൾ കൃത്രമാമായുണ്ടാക്കിയ ലഹിമരുന്നുകളും ലഭ്യമാണ്.

ഗവൺമെന്റിനോടും, ബന്ധപ്പെട്ട അധികാരികളോടും, ഞാനൊരു വളരെ അത്യവശ്യമായ അഭ്യർത്ഥന നടത്തുവാൻ ആഗ്രഹിക്കുകയാണ്.

സ്ക്കൂളുകളിൽ പഠിക്കുന്ന അനേകം യുവാക്കൾ കൃത്രിമമായുണ്ടാക്കുന്ന ലഹരിമരുന്നുകളും മറ്റിതര ലഹരി സാധനങ്ങളും ഉപയോഗിക്കുന്നുണ്ട്. 12, 13 വയസ്സുള്ള കുട്ടികളും, എലിമെന്ററി സ്ക്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി പുതുതായി കോളേജുകളിൽ ചേർന്നവരും, മയക്കുമരുന്നിന്റെയും മറ്റു ലഹരിമരുന്നകളുടെയും ഇരയായി തീർന്നിരിക്കുകയാണ്. കാനാബീസ് പുകയ്ക്കുന്നതിനും അവർ തുടക്കമിട്ടിരിക്കുന്നു. സമുദായത്തിലെ യുവാക്കളും ഈ മയക്കുമരുന്നു സംഘത്തൊടൊപ്പം യാത്രയിലാണ്. ഇപ്പോൾ കൃത്രിമമായുണ്ടാക്കിയ മയക്കുമരുന്നുകൾ എല്ലായിടത്തും താണ്ഡവമാടുകയാണ്. ദ്വീപിലെ എല്ലാ മുക്കിലും മൂലയിലും അത് ലഭ്യവുമാണ്. നമ്മുടെ യുവാക്കളെ അമ്പേതകർക്കുന്ന മാരകവിഷമാണിത്.

ഞാൻ നടത്തിയ അന്വേഷണത്തിൽ നിന്നും, കൃത്രിമമായുണ്ടാക്കിയ ലഹരിമരുന്നുകൾ ഹെറൊയിനെക്കാൾ മാരകമാണ്. അധികാരികൾ ചെയ്ത കാര്യം വളരെ നല്ലതുതന്നെ-എല്ലാ തരത്തിലുള്ള ലഹരിമരുന്നുകളുടെയും വൻശേഖരം അവർ പിടിച്ചെടുത്തിട്ടുണ്ട്. തുടച്ചു വെടിപ്പാക്കുന്ന പ്രസ്തുത ജോലി നല്ല നിലയിൽ ചെയ്തു എന്ന് ഞാൻ കരുതുന്നു. അതു നല്ലതു തന്നെ, എന്നാൽ ഈ ജോലി നല്ല നിലയിൽ ചെയ്തു എന്ന് കരുതി സമാധാനിച്ചിരിക്കുവാനുള്ള സമയമല്ല, ഈ കാര്യത്തിൽ തുടർ ജാഗ്രത അനിവാര്യമാണ്.

നമ്മുടെ സമൂഹത്തിൽ മയക്കുമരുന്നുകൾ എത്ര വലിയ മുറിവാണ് ഏല്പിച്ചത്, വിശിഷ്യാ, നമ്മുടെ യുവാക്കളിൽ, ഇത് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഒരു വിഷയമാണ്. അധികാരികൾ ഈ മയക്കു മരുന്നുകളെയെല്ലാം പിടിച്ചെടുത്തിട്ടില്ലായിരുന്നെങ്കിൽ നമ്മുടെ യുവാക്കൾക്ക് എന്ത് സംഭവിക്കുമായിരുന്നു. 80കളിൽ ബ്രൗൺ ശുഗർ നാശം വിതയ്ക്കുകയായിരുന്നു. അന്ന് ഒരു പായ്ക്കറ്റിനു പത്തുരൂപാ വിലയ്ക്ക വില്ക്കുകയായിരുന്നു. ഇന്ന് പ്രസ്തുത പൊതിക്ക് 250രൂപയാണ് വില. അപ്പോൾ ഇന്ന് ലഹരിമരുന്നിന് അടിമയായി തീർന്ന ഒരു വ്യക്തിക്ക് കുറഞ്ഞത് അവന്റെ ഉപയോഗത്തിനായി 1000 രൂപ കണ്ടെത്തേണ്ടതുണ്ട്. ഇതുമൂലം ഭയാനകമായ മോഷണങ്ങളുടെയും, പിടിച്ചു പറികളുടെയും വാർത്തകൾ, ആഴ്ച തോറും വന്നുകൊണ്ടിരിക്കുന്നു. അനുബന്ധ മറ്റു കുറ്റകൃത്യങ്ങളും, ഉണ്ടായിക്കൊണ്ടിരിക്കുന്നു. കേസുകൾ രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നു.

ഇന്ന് കുറ്റങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കൊലപാതകങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ക്രൂരമായ പിടിച്ചു പറിയും മോഷണവും പെരുകിക്കൊണ്ടിരിക്കുന്നു. ഭയാനകമായ മോഷണത്തിന്റെ ഇരകളായി തീർന്ന അനേകർ ഭയത്തോടു കൂടിയാണ് ജീവിക്കുന്നത്.

വീട്ടിൽ പോലും അവർ സുരക്ഷിതരല്ല എന്നവർ പരാതിപ്പെടുന്നു. കൃത്രിമമായുണ്ടാക്കിയ മയക്കുമരുന്നുകൾ, എന്റെ അന്വേഷണത്തിൽ, 2013 മുതൽ ലോക്കൽ മാർക്കറ്റുകളിൽ ലഭ്യമാണ്. പ്രസ്തുത ഉത്പന്നങ്ങൾ വരുന്നത് ചൈനയിൽ നിന്നാകുന്നു. ഇത് പലവിധ ഘടകങ്ങളും ചേർത്തുണ്ടാക്കിയതാണ്. ഡോസ്സേജും അതിൽ ചേർക്കുന്ന ഘടകങ്ങളും ഓരോ രാജ്യത്തിനും വെവ്വേറയാകുന്നു.

മൗറിഷ്യസിൽ കൃത്രിമമായുണ്ടാക്കുന്ന കഞ്ചാവ് ചെടിയാണ് ഉപയോഗിക്കുന്നത്. എലിക്കെതിരായി ഉപയോഗിക്കുന്ന ഉത്പന്നങ്ങളും(എലിവിഷം) കൃത്രിമ മയക്കുമരുന്നിൽ ചേർക്കുന്നുണ്ട് എന്ന് ജനസംസാരമുണ്ട്. ഞാൻ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, പ്രത്യേക തരത്തിലെ ഉണക്ക ഇലകൾ, ദ്രാവകരസത്തോട്, കൂട്ടിചേർക്കുന്നു. ഇതിനകത്ത് എലിക്കെതിരായുള്ള ഉത്പന്നം (എലിവിഷം) ഇടുകയാണെങ്കിൽ, അത് മാരക ലഹരിയായി മാറുന്നതാണ്. മൗറിഷ്യസിൽ ഈ മിശ്രിതം പരമ്പരാഗത രീതിയിൽ ഉണ്ടാക്കുന്നുണ്ട്. നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയും. ഒരു ചെറിയ പാക്കറ്റിന് 100 രൂപ വിലയുണ്ട്. യുവാക്കൾക്ക് അവരുടെ പോക്കറ്റ് മണി ഉപയോഗിച്ച് വാങ്ങുവാൻ കഴിയും. കാരണം വില വളരെ കുറവാണ്. ഇനി ഓരോരുത്തർക്കും അവരുടെ കയ്യിൽ രൂപാ ഇല്ലെങ്കിൽ ഒരു അഞ്ച് പേർ ചേർന്ന് 20 രൂപാ വീതം എടുത്തു മാരകമായ സാധനം വാങ്ങുവാൻ കഴിയും. ഒന്നു മുതൽ ഏഴുവരെ പ്രത്യേക (പഫ്) പുക വലിക്കുവാൻ സാധിക്കും.

ഇഡ്റൈസ് ഗൂമനി സെന്റർ പ്ളയിനി-വെർട്ടെ യുടെ റിപ്പോർട്ടിൻ പ്രകാരം, ഹെറോയിൻ ന് അടിമപ്പെട്ടവർ ചികിത്സയ്ക്കായി എത്തിയവരിൽ 100 പേരിൽ 70 പേരും കൃത്രിമ മയക്കുമരുന്ന് ഉപയോഗിച്ചിട്ടുള്ളവരാകുന്നു. ഇപ്പോൾ നിങ്ങൾ ഒന്നു സങ്കല്പിച്ചു നോക്കൂ! പ്ളയിനി വെർട്ടെ തീർത്തും ഒരു മുസ്ലിം പ്രദേശമാകുന്നു. വളരെ ദൗർഭാര്യകരം തന്നെ, കുട്ടികളും മുതിർന്നവരും ഈ കൃത്രിമ മയക്കുമരുന്നിന്റെ പിടിയിൽ അടിമകളായി പോയിരിക്കുന്നു.

ഈ മയക്കു മരുന്നിന്റെ സ്വാധീനം അല്പായുസ്സുള്ളതാണ്. യുവജനങ്ങൾക്ക് അല്പനേരത്തെ ചുരുങ്ങിയ സന്തോഷം നല്കുമെങ്കിലും, അതിനെ തുടർന്നുള്ള അതിന്റെ സ്വാധീനം അതീവ ഗുരുതരവും വളരെ വലുതുമായിരിക്കും. പ്രസ്തുത അവസ്ഥയിൽ നിന്നും അവർ ഉണർന്നു വരുമ്പോൾ, അവർക്കെന്തോ നഷ്ടം സംഭവിച്ചതുപോലുള്ള ഒരവസ്ഥയിലായിരിക്കും. അവർക്കെതിരായി മുന്നോട്ടു പോകാനും കുറച്ചുകൂടി കിട്ടാനുമുള്ള ഒരവസ്ഥയിലായിരിക്കും! ഇതൊരു ആഗോള പ്രതിഭാസമാണ്. ഇക്കാര്യം ലഹരിമാഫിയായ്ക്ക് നന്നായി അറിയാം. ലഹരിയ്ക്ക് അടിമയായവർക്ക് ഇതില്ലാതെ പറ്റില്ല എന്നറിയാവുന്ന ലഹരിമാഫിയ അവരുടെ വ്യാപാരം വിപുലപ്പെടുത്തുകയും, ധാരാളമായി ഉല്പാദിപ്പിക്കുകയും, ദശലക്ഷക്കണക്കിന് പണം കൊയ്യുകയും ചെയ്യുന്നു. അങ്ങനെ ഈ വ്യാപാരം ലോകമെങ്ങും തഴച്ചുവളരുകയാണ്.

വളരെ ഗൗരവതരമായ പഠനം ഈ രംഗത്ത് അനിവാര്യമായിരിക്കുകയാണ്. യുവജനതയെ ലഹിമരുന്നുപയോഗത്തിലേക്ക് തള്ളിവിടുന്നതിന്റെ കാരണങ്ങളും സാഹചര്യങ്ങളും പഠന വിധേയമാക്കണം. കൃത്രിമ ലഹരി മരുന്നുകളെകുറിച്ചു മാത്രമല്ല, മറ്റെല്ലാ വിധ ലഹരി മരുന്നുകളെക്കുറിച്ചും! 9 വയസ്സുള്ള ഒരു കുട്ടി, കൃത്രിമ ലഹരി മരുന്നുപയോഗിക്കുന്നു. ഒരു വാർത്ത, ഞാൻ ഒരു പത്രത്തിൽ വായിക്കുകയുണ്ടായി. അവന്റെ അമ്മ ഒരു മെത്തഡോൺ ഉപയോഗിക്കുന്ന സ്ത്രീ ആയിരുന്നു. അവന്റെ മൂത്ത സഹോദരൻ മയക്കുമരുന്ന് ഇഞ്ചക്ഷൻ എടുക്കുന്ന ആളുമായിരുന്നു. ഗാഢമായി ഇത് സംബന്ധമായി ചിന്തിക്കുക. 9 വയസ്സുള്ള ഒരു കുട്ടി! എങ്ങനെയാണ് നമ്മുടെ സമുദായം, നമ്മുടെ കുട്ടികൾ, കൊഴിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നത്?

സമയം അതിക്രമിച്ചതിനാൽ, ഇന്നത്തെ ഖുത്തുബ ഇവിടെ നിർത്തുകയാണ്. ഇൻശാ അല്ലാഹ്! വളരെ പ്രധാനപ്പെട്ട ഈ വിഷയത്തെക്കുറിച്ച് അടുത്താഴ്ച സംസാരിക്കുന്നതാണ്. നമ്മുടെ യുവജന

ങ്ങളെ ആഗോളവത്ക്കരണത്തിന്റെ കെണികളിൽ നിന്നും, എല്ലാ വിധ വിപത്തുകളിൽ നിന്നും, അവരെ സഹായിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ! നല്ല നിലയിൽ അവർക്ക് നല്ല വിദ്യഭ്യാസം നല്കുവാൻ നമ്മെ പ്രാപ്തമാക്കട്ടെ! മയക്കുമരുന്നുകളും ലഹരിമരുന്നുകളും ഒരു ദുഃസ്വപ്നമായി മാറട്ടെ! അത് വളരെ പ്രയാസകരമാണെന്നറിയാം. എങ്കിലും അസാധ്യമായതല്ല. യാ അല്ലാഹ്! ഞങ്ങളുടെ സമുദായം! ഞങ്ങളുടെ സമുദായം! നിന്റെ മുഹമ്മദ് മുസ്തഫ (സ)യുടെ സമുദായം, എല്ലാവിധ അപകടങ്ങളിൽ നിന്നും നീ രക്ഷപ്പെടുത്തിയാലും! ഇതിന്റെ വിശ്വാസത്തെ സംരക്ഷിക്കേണമെ! ഇതിന്റെ നന്മയെ കാത്തു രക്ഷിക്കേണമെ!സാത്താൻ അനുഭവിപ്പിക്കുന്ന പ്രാണവേദനയിൽ നിന്നും ഇതിലെ യുവാക്കളെ നീ കാക്കേണമെ! സാത്താൻ അനുഭവിപ്പിക്കുന്ന പ്രാണവേദനയിൽ നിന്നും ഇതിലെ യുവാക്കളെ നീ കാക്കേണമെ! യാ അല്ലാഹ്! ഞങ്ങളെ സംരക്ഷിക്കേണമെ! എപ്പോഴും നീ ഞങ്ങളെ നേർവഴിയിൽ നടത്തേണമെ! ഞങ്ങളുടെ സഹോദരങ്ങളെ ഏറ്റവും നല്ല നിലയിൽ സഹായിക്കുവാൻ നീ ഞങ്ങളെ പ്രാപ്തമാക്കേണമെ. ഇൻശാ അല്ലാഹ് ! ആമീൻ.

*Translated & Issued By :*
***R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***Ph : 9447001832, 6238065545***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***